# ജീവനുള്ള നബി; ജീവനുള്ള മതം

(ലോഡ് ബിഷപ്പ് ജോർജ്ജ് ആൽഫ്രഡ് ലിഫ്റോയിയ്ക്ക് ഒരു മറുപടി )

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**
(വാഗ്ദത്ത മഹ്ദീ മസീഹ്)

**പ്രസാധകർ**
**നസാറത് നശ്റോ ഇശാഅത്ത്**
**സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ**

# ജീവനുള്ള നബി;
# ജീവനുള്ള മതം

(ലോഡ് ബിഷപ്പ് ജോർജ്ജ് ആൾഫ്രഡ്
ലിഫ്റോയിയ്ക്ക് ഒരു മറുപടി )

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**
(വാഗ്ദത്ത മഹ്ദീ മസീഹ്)

# ജീവനുള്ള നബി; ജീവനുള്ള മതം

(ലോഡ് ബിഷപ്പ് ജോർജ്ജ് ആൾഫ്രഡ്
ലിഫ്റോയിയ്ക്ക് ഒരു മറുപടി )


**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

(വാഗ്ദത്ത മഹ്ദീ മസീഹ്)

വിവർത്തനം:

**എൻ.അബ്ദുറഹീം**



**പ്രസാധകർ**

**നസാറത് നശ്റോ ഇശാഅത്ത്**

**സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ**

**JEEVANULLA NABI, JEEVANULLA MATHAM**
**(Living Prophet, Living Religion)**
Author : HADRAT MIRZA GULAMA AHMAD (A)
(Promised Messaiah & Mahdi)

Translator : N.ABDURRAHIM
Kannur

Published by :Nazarat Nashro Isha'at,
Sadr Anjuman Ahmadiyya, Qadian- 143516

Type Setting: Sajiyya Mohammad

2nd Edition: March 2016

Printed at: Orange Offest Printers,Calicut

Copies: 1000

# ആമുഖം

ഭാരതത്തെ ക്രൈസ്തവീകരിക്കാനുള്ള മഹാസംരംഭത്തിന്റെ ഭാഗമായി, ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയിൽ തന്നെ സുവിശേഷ വേലക്കായി ഇന്ത്യയിൽ വന്നെത്തിയ പ്രഗൽഭപണ്ഡിതനും പ്രഭാവശാലിയുമായ മഹാപുരോഹിതനായിരുന്നു റവ: ജോർജ്ജ് ആൽഫ്രഡ് ലിഫ്റോയി. സത്യക്രിസ്ത്യാനിയായ കർസൺ പ്രഭുവിന്റെ ആത്മമിത്രമായിരുന്ന റവ: ലിഫ്റോയി ഉടൻ ലാഹോറിലെ ലോർഡ് ബിഷപ്പായി അവരോധിക്കപ്പെട്ടു. ഇന്ത്യാ ഉപഭൂഖണ്ഡത്തെ യേശുമിശിഹാ ക്രിസ്ത്യാനികൾക്കായി തീറെഴുതിക്കൊടുത്ത ഒരു സൂക്ഷിപ്പുമുതലായി കരുതി പോന്ന ബിഷപ്പ് ലിഫ്റോയി ക്രിസ്തുമതത്തിലുള്ള അന്ധമായ ഭക്തിയും പരമതനിന്ദയും കൈമുതലാക്കികൊണ്ട് തന്റെ തത്ത്വജ്ഞാനപാരംഗതത്ത്വത്തിൽ അഹങ്കാരം പൂണ്ട നിലയിൽ സകലമതങ്ങളെയും വെല്ലുവിളിക്കുകയും ഇസ്‌ലാമിനെ വിശേഷിച്ചും ഇടിച്ചു താഴ്ത്താൻ കച്ചകെട്ടിയിറങ്ങുകയും ചെയ്തിരുന്നു. തന്റെ പ്രഭാഷണചാതുര്യത്തിലൂടെ ബുദ്ധിജീവികളെ ആകർഷിച്ചുപോന്ന ബിഷപ്പ് അവർകളുടെ വശ്യവചസ്സുകൾ പഞ്ചാബിൽ അങ്ങോളമിങ്ങോളം മാറ്റൊലികൊണ്ടു. ആ ഘട്ടത്തിൽ ബിഷപ്പിനെതിരെ മുസ്‌ലിം പക്ഷത്ത് പ്രതിരോധത്തിന്റെ പ്രാകാരമായി നിലകൊണ്ടത് ഇസ്‌ലാമിന്റെ രക്ഷകനായി ദൈവത്താൽ നിയോഗിക്കപ്പെട്ട വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മാത്രമായിരുന്നു.

1900 മാർച്ചിൽ ലാഹോർ ഫോർമാൻ ക്രിസ്ത്യൻ കോളേജിൽ വിദ്യാർഥികളെ അഭിമുഖീകരിച്ച് ബിഷപ്പ് ചെയ്ത പ്രകോപനപരമായ പ്രസംഗം വലിയ ഒച്ചപ്പാടുകളുണ്ടാക്കി. മെയ് 18 ാം തിയ്യതി ലാഹോറിലെ ഒരു പൊതുയോഗത്തിൽ 'പാപരഹിതനായ പ്രവാചകൻ' എന്ന വിഷയത്തെ അധികരിച്ച് ബിഷപ്പ് മറ്റൊരു പ്രസംഗം ചെയ്തു. യേശുവിനെ പാപരഹിതനായ പരിശുദ്ധ പ്രവാചകനായും മുഹമ്മദ് നബി(സ) തിരുമേനിയെ പാപക്കറ പൂണ്ട നബിയായും ചിത്രീകരിക്കുകയായിരുന്നു (മആദല്ലാഹ്!) ബിഷപ്പ് ലിഫ്റോ

യി. പ്രഭാഷണാനന്തരം ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം നൽകിയിരുന്നു എന്നതാണ് ബിഷപ്പിന്റെ പ്രത്യേകശൈലി. അന്നു ശ്രോതാക്കളിൽ ഒരാളായിരുന്ന ഡോ: മുഫ്തി മുഹമ്മദ് സാദിഖ് (റ) ബിഷപ്പിന്റെ വാഗ്വിലാസത്തെ വെല്ലുവിളിച്ചു കൊണ്ട് ചെയ്ത പ്രസംഗത്തിൽ ''എന്നെ നല്ലവൻ എന്ന് ചൊല്ലുന്നത് എന്ത്? ദൈവം ഒഴികെ നല്ലവൻ ഒരുത്തനുമില്ല" എന്ന ക്രിസ്തുവിന്റെ പ്രസ്താവന സുവിശേഷത്തിൽനിന്നു ഉദ്ധരിച്ചു കാണിച്ചുകൊണ്ട് (മത്തായി. 19:17) യേശു താൻ ഒരു നല്ലവൻ പോലും അല്ലെന്ന് സ്വയം പ്രഖ്യാപിച്ചിരിക്കെ അദ്ദേഹം പാപരഹിതനാണെന്ന് ഘോഷിച്ചിട്ടെന്തു കാര്യം എന്നു ചോദിച്ചപ്പോൾ ബിഷപ്പിന്നു അതൊരു മുഖത്തടിയായി അനുഭവപ്പെട്ടു. തികച്ചും അമ്പരപ്പിലായ അദ്ദേഹം താൻ മെയ് 25 നു 'ജീവിച്ചിരിക്കുന്ന നബി' (സിൻദാ നബി) എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിക്കുന്നതാണെന്ന് അറിയിച്ചു കൊണ്ട് പിൻവാങ്ങി.

മെയ് 25ലെ യോഗത്തിൽ ബിഷപ്പ് ചെയ്യാൻ പോകുന്ന പ്രസംഗത്തിനുള്ള മറുപടിയും അതോടൊപ്പം 'പാപരഹിതനായ പ്രവാചകൻ' എന്ന ബിഷപ്പിന്റെ മുൻപ്രഭാഷണത്തിനുള്ള പ്രതികരണവും അച്ചടിച്ചു തയ്യാറാക്കിയ ലഘുലേഖകളുമായാണ് ഡോ: മുഫ്തി സാദിഖ് ലാഹോറിലെ രംഗ്മഹലിൽ എത്തിച്ചേർന്നത്. യേശു ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന മുസ്ലിം വിശ്വാസത്തിന്റെ ബലത്തിൽ ജീവിച്ചിരിക്കുന്ന നബി ആയി യേശുവിനെ ഉയർത്തിക്കാട്ടിയ ബിഷപ്പിന്റെ പ്രസംഗം അവസാനിച്ച ഉടനെ ചോദ്യോത്തരഘട്ടത്തിൽ ഡോ: സാദിഖ് 'സിൻദാ നബി' (ജീവനുള്ള പ്രവാചകൻ) എന്ന ലഘുലേഖ വായിച്ചവതരിപ്പിക്കുകയും യോഗത്തിൽ വിതരണം ചെയ്യുകയും ചെയ്തപ്പോൾ മൂവായിരത്തോളം വരുന്ന ശ്രോതാക്കൾക്ക് അതൊരു അദ്ഭുത പ്രവൃത്തിയായി അനുഭവപ്പെട്ടു. ബിഷപ്പിന്റെ വാദങ്ങൾക്കുള്ള ചുട്ട മറുപടി വഴിക്കു വഴിയായി തൽക്ഷണം നൽകപ്പെട്ടത് ആ ക്രിസ്തീയ മഹാപുരോഹിതനെ അമ്പരപ്പിക്കുക തന്നെ ചെയ്തു. താൻ ഇതു വരെ കേട്ടിട്ടില്ലാത്ത പുതിയ വാദഗതികളാണ് ലഘുലേഖയിൽ ഉന്നയിച്ചിട്ടുള്ളതെന്ന് തുറന്നു പറഞ്ഞ ബിഷപ്പ് മറുപടി നൽകുന്നതിൽ നിന്ന് ഒഴിഞ്ഞു മാറി.

ലാഹോർ ബിഷപ്പിന്ന് സത്യതത്പരതയും ആത്മാർത്ഥതയും ഉണ്ടെങ്കിൽ, ജ്ഞാനത്തിലും ആത്മീയപ്രഭാവത്തിലും വ്യക്തിമാതൃകയിലും യേശുവോ മുഹമ്മദ് നബിയോ ആരാണ് ശ്രേഷ്ഠൻ എന്ന കാര്യത്തിൽ ഒരു സൗഹൃദ ചർച്ച നടത്താൻ മുന്നോട്ടു വരണമെന്ന് ഹദ്റത്ത് അഹ്മദ്(അ) ആഹ്വാനം ചെയ്തുവെങ്കിലും അദ്ദേഹം പ്രതികരിക്കാൻ കൂട്ടാക്കിയില്ല. വടക്കെ ഇന്ത്യയിലാകെ ഈ ആഹ്വാനപ്രത്യാഹ്വാനങ്ങൾ വമ്പിച്ച കൗതുകവും ഒച്ചപ്പാടും സൃഷ്ടിച്ചതോടൊപ്പം പത്രലോകത്തും പ്രതിധ്വനികളുണ്ടാക്കി. സൗഹൃദ സംവാദം നടന്നു കാണാൻ ക്രിസ്തീയ മുഖ്യൻമാരും ആംഗ്ലോ ഇന്ത്യൻ പത്രങ്ങൾ കൂടിയും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. തുടർന്ന് ഇതിനായി പ്രഗൽഭരായ പൗരമുഖ്യന്മാർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. എങ്കിലും, ബിഷപ്പ് താൻ തന്നെ തുടങ്ങി വെച്ച സംവാദ സംരംഭത്തിൽ നിന്ന് പരസ്യമായി പിൻവാങ്ങുകയാണുണ്ടായത്.

അലഹബാദിലെ 'പയണീർ' (Pioneer) പത്രം ഇപ്രകാരമെഴുതി: ''പ്രസ്തുത സംരംഭത്തിൽ പങ്കെടുക്കാൻ ഡോ: ലിഫ്റോയി തീരുമാനിക്കുന്ന പക്ഷം ഈ അഭിയോഗത്തിന്ന് വമ്പിച്ച പ്രാധാന്യം ലഭിക്കുമെന്നതിൽ സംശയമില്ല".

മതപരമായ ഈ ചർച്ചകളിൽ ബുദ്ധിജീവികളും പത്രങ്ങളും പോലും വലിയ താത്പര്യം പ്രകടിപ്പിച്ചു പോന്നിരുന്ന അക്കാലത്ത് ബിഷപ്പ് അത്തരത്തിൽ രംഗത്തു നിന്ന് പിൻവാങ്ങിയപ്പോൾ 'ഇന്ത്യൻ ടെലിഗ്രാഫ്' എന്ന പത്രം ഒരു മുഖപ്രസംഗം തന്നെ എഴുതിക്കൊണ്ട് ഈ വെല്ലുവിളി സ്വീകരിക്കപ്പെട്ടു കാണാൻ ആഗ്രഹിക്കുന്നു എന്നു വ്യക്തമാക്കി.(19-6-1900). ബിഷപ്പിന്റെ പിൻമാറ്റത്തെപ്പറ്റി 'ഇന്ത്യൻ സ്പെക്റ്റേറ്റർ'(Indian Spectator) എന്ന ആംഗ്ലോ ഇന്ത്യൻ പത്രം വിമർശിച്ചെഴുതി. എന്നാൽ, ജൂലായി 12ാം തീയതി ഹാർവിംഗ്ടണിൽ നിന്ന് ബിഷപ്പ് അയച്ച മറുപടിയിൽ തന്റെ ഒഴിഞ്ഞുമാറ്റം ആവർത്തിച്ചുറപ്പിക്കുകയാണുണ്ടായത്. അദ്ദേഹം എഴുതി:

I have nothing to alter in nor add to the reasons assigned in my former letter for declining the controversy with Mirza Gulam Ahmad to which you invited me.

(താങ്കൾ ക്ഷണിച്ചതിൻ പ്രകാരം മിർസാ ഗുലാം അഹ്മദുമായി ഒരു സംവാദം നടത്തുന്നതിന് വിസമ്മതിക്കാൻ എന്റെ മുൻ കത്തിൽ ഞാൻ ഉന്നയിച്ച കാരണങ്ങളിൽ എനിക്കു യാതൊന്നും തന്നെ തിരുത്താനോ കൂട്ടിച്ചേർക്കാനോ ഇല്ല).

ഹദ്റത്ത് അഹ്മദ് (അ) താൻ വാഗ്ദത്ത മസീഹ് ആണെന്ന് വാദിച്ചു കൊണ്ട് യേശുവിനെ അപമാനിച്ച ആളാണെന്നും മുസ്ലിം ഭൂരിപക്ഷം അദ്ദേഹത്തെ മുസ്ലിം ആയി അംഗീകരിക്കുന്നില്ലെന്നും ആണ് ബിഷപ്പ് ഒഴിഞ്ഞുമാറ്റത്തിനുള്ള ന്യായീകരണമായി പറഞ്ഞിരിക്കുന്നത്. ഇതിനെക്കുറിച്ച് 'ഇന്ത്യൻ സ്പെക്റ്റേറ്റർ' ഇപ്രകാരം എഴുതി:

"രണ്ടായിരം കൊല്ലം മുമ്പ് ഇതേ കാരണം പറഞ്ഞാണ് ജൂതന്മാർ ക്രിസ്തുവിനെ ക്രൂശിച്ചത്. ക്രിസ്തു സ്വയം മശീഹാ ആണെന്ന് അവകാശപ്പെട്ടതിൽ അവർക്ക് അപമാനം തോന്നിയിരുന്നു. പെസഹാ നാളിൽ ക്രിസ്തുവിനെയോ ബറബ്ബാസിനെയോ ആരെ തങ്ങൾക്കു വിട്ടുതരണമെന്ന് യഹൂദപുരുഷാരത്തോട് പിലാത്തോസ് ചോദിച്ചപ്പോൾ അവർ ഏകകണ്ഠമായി വോട്ടു ചെയ്തത് കുറ്റബോധം തീണ്ടിയിട്ടില്ലാത്ത ആ കള്ളനനുകൂലമായിട്ടായിരുന്നില്ലേ?. ഇത്തരം വില കുറഞ്ഞ ന്യായങ്ങളിൽ ഞങ്ങൾ പ്രതിഷേധിക്കുക തന്നെ ചെയ്യും. വിശുദ്ധങ്ങളല്ലാത്ത ഇത്തരം വാദങ്ങൾ തീർച്ചയായും ഉന്നയിച്ചു കൂടാത്തതാണ്."

മേൽ രണ്ടു ലഘുലേഖകളുടെ വിവർത്തനം ഇപ്പോൾ പുസ്തകരൂപത്തിൽ ഇതാ പ്രസിദ്ധം ചെയ്യുകയാണ്. 'സിൻദാ നബി' എന്ന ലഘു കൃതി ഉർദുവിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. വാഗ്ദത്ത മസീഹിന്റെ "മജ്മൂആ ഇശ്തിഹാറാത്ത്" മൂന്നാം ഭാഗത്തിൽ നിന്നാണ് ഈ ലഘുലേഖകൾ തർജ്ജമ ചെയ്തിട്ടുള്ളത്.

സത്യാന്വേഷികൾക്ക് ഈ കൃതി പ്രയോജനകരമായിത്തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

وَالسَّلَامُ عَلَىٰ مَنِ اتَّبَعَ الْهُدَىٰ

കണ്ണൂർ
15:3:1998

- വിവർത്തകൻ

بسم الله الرحمن الرحيم

# ജീവനുള്ള നബി; ജീവനുള്ള മതം

## I
## പാപരഹിതനായ നബി

യേശുവിനെതിരിൽ തങ്ങളുടെ നബിയെ പാപരഹിതനായി തെളിയിച്ചുകാട്ടാൻ മുസ്ലിംകൾ ആഗ്രഹിക്കുന്നപക്ഷം, അവരെ അതിനായി ക്ഷണിച്ചു കൊണ്ട് ലാഹോർ ബിഷപ്പ് ആഹ്വാനം പുറപ്പെടുവിച്ചതായി ഞാൻ പറഞ്ഞു കേട്ടു. ഈ രണ്ടു പുണ്യനബിമാരിൽ ഏറ്റവും പവിത്രവും പരിശുദ്ധവുമായ ജീവിതം ആരുടെതാണ് എന്ന കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതിന് ബിഷപ്പ് അവർകൾ ആഗ്രഹിക്കുന്നു എങ്കിൽ എന്റെ പക്കൽ അത് അദ്ദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഒരു ആഗ്രഹം തന്നെയാണ്. എന്നാൽ, ഏതെങ്കിലും ഒരു നബി പാപരഹിതനാണ് എന്നു തെളിയിച്ചുകാട്ടുക അതായത്, ആ നബി തന്റെ ജീവിതത്തിൽ ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് ബഹു ജനമധ്യേ തുറന്നു കാട്ടുക എന്നതു കൊണ്ട് ബിഷപ്പ് അവർകൾ എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നാൽ കാര്യമായ പ്രയോജനമൊന്നും ലഭിക്കാനില്ലാത്ത ഒരു വിവാദരീതിയാണിതെന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, ഇന്ന വാക്കും പ്രവൃത്തിയും പാപത്തിൽ ഉൾപ്പെടുന്നു എന്നും ഇന്ന വാക്കും പ്രവൃത്തിയും പാപത്തിൽ

ഉൾപ്പെടുന്നില്ല എന്നുമുള്ള കാര്യത്തിൽ എല്ലാ സമുദായങ്ങളും ഏകാഭിപ്രായക്കാരല്ല.

ഉദാഹരണമായി, മദ്യപിക്കുന്നതു കടുത്ത പാപമായി ചില വിഭാഗക്കാർ കരുതുമ്പോൾ മറ്റു ചിലരുടെ വിശ്വാസപ്രകാരം റൊട്ടി മുറിച്ചു വീഞ്ഞിൽ മുക്കാതെയും മതപുരോഹിതൻമാരോടൊപ്പം ആ റൊട്ടിക്കഷണം വീഞ്ഞിൽ മുക്കിത്തിന്നാതെയും ആ വീഞ്ഞു കുടിക്കാതെയും മതവിശ്വാസിയാണെന്ന പൂർണമായ സർട്ടിഫിക്കറ്റ് ഒരു പുതുവിശ്വാസിക്ക് ലഭിക്കുന്നതല്ല. ഇപ്രകാരം തന്നെ ചിലരുടെ പക്കൽ, ഒരു അപരിചിത സ്ത്രീയുടെ നേരെ കാമാർത്തിയോടെ നോക്കുന്നതുതന്നെ വ്യഭിചാരമാണ്. എന്നാൽ, ഭർത്താവുള്ള ഒരു സ്ത്രീ ഏതെങ്കിലും കാരണത്താൽ, സന്താനലബ്ധിയുടെ കാര്യത്തിൽ നിരാശപ്പെട്ട നിലയിൽ ഒരു അന്യപുരുഷനോടൊപ്പം ശയിക്കുന്നത് അനുവദനീയമെന്നു മാത്രമല്ല വലിയ പുണ്യവും കൂടിയാണെന്ന് ചിലർ കരുതുന്നു. പത്തോ പതിനൊന്നോ കുട്ടികളുണ്ടാകുന്നതു വരെ ആ പരസ്ത്രീയുമായി ദുഷ്ടസംസർഗത്തിൽ ഏർപെടാവുന്നതു മത്രെ. ചിലരുടെ പക്കൽ പന്നിയെ തൊടുന്നതു പോലും മനുഷ്യനെ അശുദ്ധനാക്കുമ്പോൾ മറ്റൊരു വിഭാഗക്കാരുടെ മതത്തിൽ കറുത്തതും വെളുത്തതുമായ സകല പന്നികളും മേത്തരം ആഹാരമാണ്. അപ്പോൾ, ഇതിൽ നിന്ന് മനസ്സിലാകുന്നത് പാപത്തിന്റെ കാര്യത്തിൽ ലോകത്തിനു മുഴുവൻ ഏകാഭിപ്രായമല്ല ഉള്ളതെന്നത്രെ ക്രിസ്ത്യാനികളുടെ പക്കൽ മിശിഹാ ദൈവവാദം പുറപ്പെടുവിച്ചിട്ടും ഒന്നാംകിട പാപരഹിതനാണ്! എന്നാൽ, മുസ്ലിംകളെ സംബന്ധിച്ചിടത്തോളം മനുഷ്യർ സ്വയം തന്നെയോ മറ്റൊരാളെയോ ദൈവത്തിനു തുല്യനായി കരുതുന്നത് മഹാപാപമാണ്. ചുരുക്കത്തിൽ, ഈ രീതി വ്യത്യസ്തവിഭാഗക്കാർക്ക് ബിഷപ്പ് അവർകൾ അഭിപ്രായപ്പെടുന്നതുപോലെ സത്യം കണ്ടെത്താനുള്ള മാനദണ്ഡമാകുന്നില്ല.

ജ്ഞാനത്തിലും, കർമത്തിലും, സ്വഭാവത്തിലും, പരിശുദ്ധയിലും, അനുഗ്രഹശക്തിയിലും, പ്രഭാവത്തിലും, സത്യവിശ്വാ

സത്തിലും, ദിവ്യജ്ഞാനത്തിലും, നന്മയുടെ ആധിക്യത്തിലും സാമൂഹ്യനിയമങ്ങളെ കുറിച്ചുള്ള പാഠങ്ങളിലും ഈസാനബി (അ) യെയും മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെയും പരസ്പരം തുലനം ചെയ്യുകയും താരതമ്യപഠനം നടത്തുകയും ചെയ്യുന്നതും ഇക്കാര്യങ്ങളിൽ ആരുടെ ഔന്നത്യവും ശ്രേഷ്ഠതയുമാണ് സ്ഥാപിക്കപ്പെടുന്നതെന്നും ആരുടെതു സ്ഥാപിക്കപ്പെടുന്നില്ല എന്നും വ്യക്തമാക്കുന്നതും ഉദാത്തമായ ഒരു സത്യാന്വേഷണ രീതിയാണെന്ന് സമ്മതിക്കാതെ തരമില്ല. ഈ എല്ലാ കാര്യങ്ങളിലും സമഗ്രമായിത്തന്നെ ശ്രേഷ്ഠതയുടെ എല്ലാ വശങ്ങളെയും കണക്കിലെടുത്തുകൊണ്ട്, ഒരു നബിയുടെ ഉത്കൃഷ്ടതയുടെ ന്യായവശങ്ങൾ വിവരിക്കുമ്പോൾ അതേ അടിസ്ഥാനത്തിൽ തന്നെ ആ നബിയുടെ ആന്തരീയവശങ്ങളും പവിത്രതയും നിർമ്മലഭാവങ്ങളും പാപരാഹിത്യവും എല്ലാം അതോടൊപ്പം വിവരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു വിവരണം ഭാഗികമായ വിവരണമായിരിക്കില്ല. നിരവധി കാര്യങ്ങളെയും ശാഖകളെയും അടിസ്ഥാനമാക്കിയുള്ളതായിരിക്കും. അതുകാരണം, ഈ എല്ലാ സമഗ്രവശങ്ങളെയും മുന്നിൽ വെച്ചുകൊണ്ടും ഈ രണ്ടു നബിമാരിൽ യഥാർഥത്തിലുള്ള ശ്രേഷ്ഠതയും ഔന്നത്യവും ഏതു നബിക്കാണെന്ന യാഥാർഥ്യത്തിൽ എത്തിച്ചേരാൻ കഴിയുന്നതാണ്. ഓരോരുത്തരും ശ്രേഷ്ഠതകളെ സ്വന്തം ഹിതമനുസരിച്ചായിരിക്കും തീരുമാനിക്കുക. എന്നാൽ, ഇതു മാനുഷിക ശ്രേഷ്ഠതയുടെ സമഗ്രഭാവമായിരിക്കുന്നതിനാൽ ശ്രേഷ്ഠതയും ഔന്നത്യവും പരീക്ഷിച്ചറിയുന്നതിനു കേവലം പാപരാഹിത്യത്തിന്റെ ചർച്ചയിൽ ഉടലെടുക്കുന്ന വിഷമങ്ങൾ ഇവിടെ ഉടലെടുക്കുന്നതുമല്ല. ഈ താരതമ്യപഠനത്തിന്റെയും തുലനത്തിന്റെയും അവസരത്തിൽ പൊതുവായ ഒരു മാനദണ്ഡം ഉരുത്തിരിയുന്നതുമാണ്. അതുമുഖേന, ഈ എല്ലാ ശ്രേഷ്ഠതകളിലും ഏറിയ ശ്രേഷ്ഠതകളുടെ ഉടമയും സമ്പൂർണരൂപവും ആയിരിക്കുന്നത് ആരാണ് എന്ന കാര്യത്തിൽ ഏറ്റവും സുഗമവും ഏറ്റവും പ്രയാസരഹിതവു

മായ ഒരു മാർഗത്തിലൂടെ അതിന്റെ പഠനഫലം വെളിപ്പെടുന്നതു മാണ്. ചുരുക്കത്തിൽ, ഈ ചർച്ചകളെല്ലാം ദൈവാഭീഷ്ടത്തെ ഉന്നംവച്ചുകൊണ്ടുള്ളതാണെങ്കിൽ, യാതൊരു സംശയത്തിന്നും വൈരാഗ്യത്തിന്നും ഇടയില്ലാത്ത വഴിതന്നെ സ്വീകരിക്കേണ്ടതാ വശ്യമാണ്.

പാപരാഹിത്യത്തിന്റെ ചർച്ചയിൽ ആദ്യമായിത്തന്നെ ഉയർന്നു വരുന്ന പ്രശ്നം മുസ്ലിംകളുടെയും യഹൂദികളുടെയും വിശ്വാ സത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ ജനിച്ചു വളർന്ന ഒരാൾ, ദൈവമോ ദൈവപുത്രനോ ആയി സ്വയം വിവരിച്ചുകാട്ടുന്ന ഒരാൾ കടുത്ത കുറ്റവാളിയും കാഫിറും ആയിരിക്കുമ്പോൾ പിന്നെ പാപരാഹിത്യം എവിടെയാണവശേ ഷിക്കുന്നത് എന്നതത്രെ. തങ്ങളുടെ പക്കൽ ഇത്തരത്തിലുള്ള ദൈവവാദം പാപവുമല്ല, അവിശ്വാസവുമല്ല എന്നു പറയുകയാ ണെങ്കിൽ, നിങ്ങൾ രക്ഷപ്രാപിക്കേണ്ടിയിരുന്ന ആ വിവാദച്ചുഴി യിൽ തന്നെ വീണ്ടും വന്നുപതിക്കുമാറാകുന്നു. ദൈവമാണെന്ന വാദം പുറപ്പെടുവിക്കുന്നത് നിങ്ങളുടെ പക്കൽ പാപമല്ലെന്നാ ണെങ്കിൽ, ഒരു ശാക്തേയം മതക്കാരന്റെ പക്കൽ അമ്മപെങ്ങ മ്മാരെ പരിഗ്രഹിക്കുന്നതും പാപമല്ല. അപ്പോലെതന്നെ, ആര്യ മതക്കാരുടെ പക്കൽ ഓരോ പരമാണുവും ദൈവമാണെന്നു പറയുന്നതും, പ്രിയപത്നിയെ ഭർത്താവായി താനിരിക്കേ തന്നെ അന്യപുരുഷനോടൊപ്പം ശയിക്കാനനുവദിക്കുന്നതും പാപമല്ല. സനാതന മതക്കാരുടെ പക്കൽ രാജാ രാമചന്ദ്രനെയും കൃഷ്ണ നെയും ദൈവാവതാരങ്ങളായി സ്വീകരിക്കുന്നതും പരമേശ്വരന്മാ രായി കരുതുന്നതും ശിലാവിഗ്രഹങ്ങളുടെ മുമ്പിൽ കുമ്പിടു ന്നതും പാപമല്ല. ഒരു അഗ്നിയാരാധകന്റെ പക്കൽ അഗ്നിയെ ആരാധിക്കുന്നതു പാപകൃത്യമല്ല. യഹൂദമതത്തിലെ ഒരു വിഭാഗ ക്കാരുടെ പക്കൽ ജാതികളുടെ ധനം പിടിച്ചുപറിക്കുന്നതും അവർക്ക് നഷ്ടം വരുത്തുന്നതും പാപമല്ല. മുസ്ലിംകളൊഴികെ ഒരു ജനവിഭാഗവും പലിശ വാങ്ങുന്നത് പാപമായി കരുതുന്നില്ല. അപ്പോൾ ഈ തർക്കങ്ങളിൽ തീർപ്പു കൽപിക്കാൻ മാത്രം

നീതിമാനായിട്ടുള്ള ഒരു ന്യായാധിപൻ ആരാണുള്ളത്? ആകയാൽ, സത്യാന്വേഷണബദ്ധനായ ഒരാളുടെ മുമ്പിൽ അതിശ്രേഷ്ഠനും അത്യുന്നതനുമായ നബിയെ തിരിച്ചറിയുന്നതിന് ഞാൻ വിവരിച്ച ആ മാർഗം മാത്രമാണ് അവശേഷിച്ചിട്ടുള്ളത്.

ഇനി സകല ജനവിഭാഗങ്ങളും പാപരാഹിത്യത്തിന്റെ അടിസ്ഥാനം ഒരേ രൂപത്തിൽ വിവരിച്ചാലും അതായത്, അതു സംബന്ധിച്ച വിവരണത്തിൽ എല്ലാ മതക്കാരും ഏകാഭിപ്രായക്കാരായാലും, എന്നുവച്ചാൽ, ഇന്നിന്ന കാര്യങ്ങൾ പാപങ്ങളാണെന്നും അവയിൽ നിന്നെല്ലാം ഒഴിഞ്ഞു നിന്നാൽ മാത്രമെ പാപരഹിതനെന്നു പറയാനാവു എന്നും എല്ലാവരും ഒരുപോലെ സമ്മതിച്ചെന്നു വന്നാലും - അങ്ങനെ സമ്മതിക്കുന്നത് അസംഭവ്യമാണെന്ന കാര്യം അവിടെ നിൽക്കട്ടെ - ഇക്കാര്യം അന്വേഷിച്ചറിഞ്ഞതു കൊണ്ട്, അതായത്, ഒരാൾ മദ്യപിക്കുന്നില്ലെന്നും കവർച്ച നടത്തുന്നില്ലെന്നും കള്ളസത്യം ചെയ്യുന്നില്ലെന്നും വരുന്നതുകൊണ്ട് ഇത്തരം പാപരാഹിത്യത്തിന്റെ പേരിൽ പൂർണമനുഷ്യൻ എന്നു പറയപ്പെടാൻ ഒരാൾ അർഹനായിത്തീരുന്നതോ യഥാർത്ഥമായ നന്മയുടെ ഉടമസ്ഥനായിരിക്കുന്നതോ എങ്ങനെ? നിങ്ങളുടെ വീട്ടിന് തീ വെക്കാനും നിങ്ങളുടെ ഇളം പൈതലിന്റെ കഴുത്തു ഞെരിക്കാനും തനിക്ക് പല സന്ദർഭങ്ങൾ കൈവന്നിട്ടും നിങ്ങളുടെ വീട്ടിന് തീവെക്കുകയോ നിങ്ങളുടെ കുഞ്ഞിന്റെ കഴുത്തു ഞെരിക്കുകയോ ചെയ്തില്ല എന്നൊരാൾ നിങ്ങളോടു പറഞ്ഞാൽ, ബുദ്ധിശാലികളുടെ പക്കൽ ഇത് ഒരുന്നത ധാർമികതയായി അംഗീകരിക്കപ്പെടുമോ? അത്തരം അവകാശവാദങ്ങളും മേന്മകളും മുന്നോട്ടുവക്കുന്ന ഒരാളെ മാന്യനായിപോലും കരുതുകയില്ല. ഒരു ക്ഷുരകൻ മുടിവെട്ടിച്ചു കൊണ്ടിരിക്കെ, അല്ലെങ്കിൽ തലമുടി ശരിപ്പെടുത്തിക്കൊണ്ടിക്കെ നിങ്ങളുടെ തലയിലോ കഴുത്തിലോ മൂക്കിലോ കത്തി പ്രയോഗിക്കാൻ തനിക്കവസരം ലഭിച്ചിട്ടും അതുചെയ്യാതിരുന്നത് അയാൾ നിങ്ങളോട് ചെയ്ത ഉപകാരവും സദ്ഭാവനയും ആണെന്നു പറഞ്ഞുകൊണ്ട് നിങ്ങളെ അയാളോട് നന്ദിഭാവമുള്ളവരാ

ക്കാൻ ശ്രമിച്ചാൽ അയാളെ ഒരു മഹോപകാരിയായി നിങ്ങൾ കണക്കാക്കി തുടങ്ങുമോ? മാതാപിതാക്കളോടുള്ള കടപ്പാടു പോലെ അയാളോടും കടപ്പാടുള്ളതായി നിങ്ങളംഗീകരിച്ചു കൊടുക്കുമോ? ഒരിക്കലുമില്ല. മറിച്ച്, അയാൾ ഒരു തരത്തിലുള്ള കുറ്റവാളിയാണ്. അയാൾ തന്റെ മനസ്സിനകത്തുള്ള അവസ്ഥ യാണ് വെളിപ്പെടുത്തിയത്. ബുദ്ധിമാനായ ഒരധികാരിയുടെ മുമ്പിൽ അയാൾ ജാമ്യം എടുക്കേണ്ട കുറ്റവാളിയായിരിക്കും. തിന്മ ചെയ്യുന്നതിൽ നിന്ന് ഒരാൾ സ്വയം വിട്ടകന്നു എന്നതു ഒരിക്കലും ഒരു ഉന്നത ധാർമ്മികതയല്ല. എന്തുകൊണ്ടെന്നാൽ, ശിക്ഷാനിയമങ്ങളും അയാളെ അതിൽ നിന്നും വിരോധിക്കുന്നു ണ്ടായിരുന്നു. ഉദാഹരണമായി, ഒരു ദ്രോഹി ഭവനഭേദനത്തിന് അഥവാ, തന്റെ അയൽവാസിയുടെ മുതൽ കവർച്ചചെയ്യുന്നതിന് പുറപ്പെട്ട ശേഷം അതിൽ നിന്ന് മാറിനിൽക്കുന്നു എന്നു വെ ക്കുക. അതിനു കാരണം ഈ ദ്രോഹകൃത്യത്തിൽ നിന്നു വിട്ടു നിന്നുകൊണ്ട് അയൽവാസിക്ക് നന്മ വരുത്തണമെന്ന് ആഗ്രഹി ച്ചതു കൊണ്ടു മാത്രമായിരിക്കുമോ? നിയമപരമായ ശിക്ഷയ്ക്ക് പാത്രീഭവിക്കേണ്ടിവരുമെന്ന പേടികൊണ്ടും ആയിരിക്കാമല്ലോ! ഭവനഭേദനത്തിന് ഒരുങ്ങിപ്പുറപ്പെട്ട അവസരത്തിൽ അഥവാ, കൊള്ളിവെപ്പ് നടത്താൻ തുനിയുന്നതിന്നിടയിൽ അല്ലെങ്കിൽ ഒരാളുടെ നേരെ നിറയൊഴിക്കാൻ നോക്കുമ്പോൾ അഥവാ ഒരു കുഞ്ഞിന്റെ കഴുത്ത് ഞെരിക്കാൻ ശ്രമിക്കവെ, പിടിക്കപ്പെട്ടാൽ താൻ സർക്കാറിന്റെ കഠിനശിക്ഷയ്ക്ക് ഇരയായി തീരുകയും നരകത്തിൽ പതിക്കുകയും ചെയ്യുമെന്ന് അയാൾക്ക് അറിയാം. ഇതാണ് യഥാർഥ നന്മയും മനുഷ്യന്റെ ഉത്തമ മൂല്യവുമെങ്കിൽ സകലകുറ്റവാളികളും അവർ ഉപദ്രവം ചെയ്തിട്ടില്ലാത്തവരുടെ യെല്ലാം ഉപകാരികളായി പ്രതിഷ്ഠിക്കപ്പെടും. എന്നാൽ, പൂർണ മനുഷ്യൻ എന്ന ബഹുമതി നാം ആർക്കു നൽകുന്നുവോ അവ രുടെ ബഹുമാന്യതയെ അംഗീകരിക്കുന്നതിനുള്ള കാരണമായി നാം എടുത്തു കാട്ടുക അവർ ഒരിക്കലും യാതൊരാളുടെയും വീടിന് തീ വെച്ചിട്ടില്ല, കളവു നടത്തിയിട്ടില്ല, പരസ്ത്രീയുടെ

മേൽ ആക്രമണം നടത്തിയിട്ടില്ല, കവർച്ചകൾ ചെയ്തിട്ടില്ല, ഏതെങ്കിലും ശിശുവിനെ കഴുത്ത് ഞെക്കി കൊന്നിട്ടില്ല എന്നിങ്ങനെയുള്ള കാര്യങ്ങളാണോ? ഇങ്ങനെയുള്ള കാര്യങ്ങളൊരിക്കലും പരിപൂർണതയുടെ അടിസ്ഥാനങ്ങളായിരിക്കുന്നില്ല. അങ്ങനെയുള്ള പ്രസ്താവനതന്നെ ഒരു തരത്തിലുള്ള മാനഹാനിക്കിടയാക്കും. ഉദാഹരണമായി, സൈദ് എന്റെ പക്കൽ നഗരത്തിലെ ആദരണീയനായ ഒരു പ്രമുഖ വ്യക്തിയാണ്. അദ്ദേഹത്തിനു ഇന്ന കവർച്ചയിൽ പങ്കുണ്ടായിരുന്നില്ല എന്നോ ഇന്ന പെണ്ണിനെ കൂട്ടബലാത്സംഗം ചെയ്തു എന്ന കേസിൽ അയാൾക്കു ബന്ധമുണ്ടായിരുന്നില്ല എന്നോ പറഞ്ഞാൽ ഞാൻ ആ വിവരണത്തിലൂടെ അയാൾക്ക് ഒരു പ്രകാരത്തിലുള്ള അപകീർത്തി വരുത്തിവെക്കുകയാവും. എന്തെന്നാൽ, അദ്ദേഹം ഇത്തരം സ്വഭാവക്കാരനാണെന്നും എന്നാൽ അപ്പറഞ്ഞ സംഭവത്തിൽ അയാൾ ഭാഗഭാക്കായിട്ടില്ലെന്നു മാത്രമെയുള്ളുവെന്നും ഞാൻ അതുവഴി ബഹുജനങ്ങളിൽ സംശയം ജനിപ്പിക്കുവാനുള്ള ഒരവസരം പരോക്ഷമായി സൃഷ്ടിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ പരിശുദ്ധരായ പ്രവാചകന്മാരെ കുറിച്ച് ഇത്രത്തോളം പറഞ്ഞവസാനിപ്പിക്കുന്നത് അവരെ കഠിനമായി നിന്ദിക്കുന്നതിന് സമമാണെന്നതിൽ സംശയമില്ല. കുറ്റവാളികളെ പോലെ പൊതുവായ ഉപദ്രവം ചെയ്യുന്നതിൽ നിന്ന് അവർ ഒഴിഞ്ഞു നിൽക്കുന്നത് അവരുടെ വലിയ മഹത്വമായി ഉയർത്തിക്കാട്ടുന്നത് അവരുടെ ഉദാത്തപദവിക്ക് കളങ്കം ചാർത്തുന്ന കൃത്യമായിരിക്കും.

തിന്മയിൽ നിന്ന് ഒഴിഞ്ഞുമാറിയ നിലയിൽ ഒരാൾ പാപരഹിതനാണെന്നു പറയപ്പെടുന്നത് ഉന്നതഗുണമൊന്നുമല്ല. ഭവനഭേദനം നടത്താനോ കവർച്ച ചെയ്യാനോ കൊല ചെയ്യാനോ ശിശുക്കളുടെ കഴുത്തു ഞെരിക്കാനോ ദുർബലരായ സ്ത്രീകളുടെ ആഭരണങ്ങൾ തട്ടിപ്പറിക്കാനോ അവസരം ലഭിച്ചിട്ടില്ലാത്ത ഇത്തരത്തിലുള്ള ആയിരക്കണക്കിന് ആളുകളുണ്ട്. തിന്മയൊഴിഞ്ഞെന്ന കാരണം മുൻനിറുത്തി ഇത്തരമാളുകളെ നമുക്ക് എത്ര

ത്തോളം മഹോപകാരികളായി ഉയർത്തിക്കാട്ടാനും പൂർണ മനുഷ്യരായി കരുതാനും കഴിയും? പാപരാഹിത്യം എന്നു പറയുന്ന ദ്രോഹപരിത്യാഗത്തിന്ന് പല കാരണങ്ങളുമുണ്ടാകാം. രാത്രികാലത്ത് ഒറ്റക്ക് എണീറ്റ് ഭവനഭേദനത്തിനുള്ള ആയുധവും കയ്യിലേന്തി ലങ്കോട്ടിയും ധരിച്ചു ഏതെങ്കിലും കെട്ടിടത്തിന്റെ കോലായിൽ കടന്നുകൂടി തക്കസമയത്ത് ഭവനഭേദനം നടത്തി മുതലും കൈക്കലാക്കി ഓടിമറയാൻ എല്ലാവർക്കും കഴി ഞ്ഞെന്നു വരില്ല. ഇത്തരത്തിലുള്ള കഴിവ് നബിമാർക്ക് എവിടെ? കഴിവും ശക്തിയുമില്ലാതെ ഇതിന് എങ്ങനെ ധൈര്യം വരും? വ്യഭിചരിക്കാൻ പുരുഷത്വം വേണം. പുരുഷത്വമുണ്ടെങ്കിൽ തന്നെ വെറും കയ്യോടെ അതിനു സാധ്യമല്ല. തെരുവുവേശ്യകൾ തങ്ങളുടെ ശരീരം 'വഖ്ഫാ'ക്കിയിട്ടൊന്നുമില്ലല്ലോ! അവരും ചിലതു സ്വീകരിക്കുന്നു. വാൾ ചുഴറ്റാനും ബാഹുബലം വേണം. ഭാവന വേണം. ധീരത വേണം. മനക്കരുത്തു വേണം. ചിലർക്ക് ഒരു ചെറുപക്ഷിയെ പോലും കൊല്ലാനാവില്ല. കൊള്ളയടിക്കാൻ ഭീരുക്കൾക്ക് കഴിയുമോ? കായ്കനികൾ തിങ്ങിനിറഞ്ഞ ഒരു തോട്ടത്തിനടുത്തൂടെ കടന്നുപോകുകയായിരുന്ന ഒരാൾ പരിശുദ്ധനായ വ്യക്തിയായതുകൊണ്ടാണ് ഫലങ്ങളൊന്നും പറിക്കാതിരുന്നതെന്ന് ആർക്കു പറയാനാകും? പകലായിരുന്നതിനാലും അമ്പതോളം പണിക്കാർ കാവൽ നിൽക്കുകയായിരുന്നതിനാലും പിടിക്കപ്പെടുമെന്നും അടികൊള്ളുമെന്നും മാനഹാനിക്കിടയാകുമെന്നും പേടിച്ചാണ് ഫലം പറിക്കാതിരുന്നതെന്നും നമുക്കെന്തുകൊണ്ട് പറഞ്ഞുകൂടാ. ഇക്കാര്യത്തിൽ ആർക്ക് വിധി പറയാൻ കഴിയും? ഈ രീതിയിൽ നബിമാരെ വാഴ്ത്തുകയും 'പാപരാഹിത്യം, പാപരാഹിത്യം' എന്നിങ്ങനെ ഘോഷിക്കുകയും അവർ യാതൊരു കുറ്റകൃത്യവും ചെയ്തില്ല എന്നു പറയുകയും ചെയ്യുന്നത് അവിഹിതവും കടുത്ത മര്യാദകേടും ആകുന്നു. ആയിരക്കണക്കായ മഹദ്ഗുണങ്ങൾ വിവരിക്കുന്നതിനിടയിൽ അവർ യാതൊരു ദ്രോഹകൃത്യവും ചെയ്തിട്ടില്ല എന്നു പറയുകയാണെങ്കിൽ അതിൽ തെറ്റൊന്നുമില്ല. എന്നാൽ, ഈ നബി ഒരു

കുഞ്ഞിനെയും കഴുത്തു ഞെരിച്ചു കൊന്നില്ല, യാതൊരു തിന്മ യും പ്രവർത്തിച്ചില്ല എന്നിങ്ങനെ ഘോഷിക്കുന്നത് ആ നബി യെ അപമാനിക്കലാണെന്നതിൽ സംശയമേതുമില്ല. മനുഷ്യന്റെ യഥാർഥമായ നന്മയെയും യഥാർഥമായ പൂർണതയെയും കുറിച്ച് ഇവരൊരിക്കലും ചിന്തിച്ചിട്ടില്ല. നാം പൂർണമനുഷ്യൻ എന്ന പേർ ഒരാൾക്ക് നൽകുന്നത് അദ്ദേഹത്തിന്റെ ആദരണീയതയെ ദ്രോഹപരിത്യാഗത്തിന്റെ അടിസ്ഥാനത്തിൽ തൂക്കി നോക്കിയി ട്ടല്ല. ഇത്തരത്തിൽ തൂക്കിനോക്കുന്നതു മുഖേന എന്തെങ്കിലും സ്ഥാപിക്കപ്പെടുന്നു എങ്കിൽ അത് അത്തരമൊരാൾ തെമ്മാടിക ളിൽ ഉൾപ്പെടുന്നില്ലാ എന്നും സാധാരണക്കാരായ മനുഷ്യരിൽ പ്പെട്ട ഒരാളാണെന്നും മാത്രമായിരിക്കും. എന്തു കൊണ്ടെന്നാൽ, ഞാനിപ്പോൾ വിവരിച്ചുകഴിഞ്ഞതുപോലെ ദ്രോഹങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുക എന്നത് ഉന്നതമായ ഗുണഭാവമൊന്നുമല്ല. അതു ചിലപ്പോൾ പാമ്പും ചെയ്തു കാട്ടും. ആക്രമിക്കുകയൊ ന്നും ചെയ്യാതെ നമ്മുടെ മുന്നിലൂടെ മെല്ലെ ഇഴഞ്ഞുനീങ്ങുന്നു. ചിലപ്പോൾ ചെന്നായയും അരികത്തൂടെ മാളത്തിലേയ്ക്ക് കട ക്കുന്നു. ആരെയും ഒരു വിധത്തിലും ദ്രോഹമേൽപ്പിക്കാത്ത അവസ്ഥയിൽ ആയിരക്കണക്കായ ശിശുക്കൾ മരണമടയുന്നു ണ്ട്. എന്നാൽ, ഒരു പൂർണമനുഷ്യനെ തിരിച്ചറിയാൻ അയാൾ നന്മ എത്രത്തോളം പ്രവർത്തിച്ചു എന്നു നോക്കുക തന്നെ വേ ണം. എന്നുവച്ചാൽ, എന്തൊക്കെ സത്കൃത്യങ്ങളും ഉപകാരങ്ങ ളും നന്മകളും ആ വ്യക്തിയിലൂടെ ലോകത്ത് വെളിപ്പെട്ടു; എ ന്തൊക്കെ യഥാർഥമായ പരിപൂർണതകൾ അയാളുടെ ഹൃദയ ത്തിലും ബുദ്ധിയിലും മനസ്സിലും നിറഞ്ഞിരിക്കുന്നു, എന്തൊ ക്കെ ഉൽകൃഷ്ടഗുണങ്ങൾ അദ്ദേഹത്തിൽ വിളയാടുന്നു, എ ന്നൊക്കെ പരിശോധിക്കണം. ഇവയെല്ലാം മുൻനിർത്തിക്കൊണ്ടു വേണം ഹദ്റത്ത് മിശിഹായുടെ വ്യക്തിത്വത്തിന്റെ പൂർണതക ളും നന്മയുടെ രൂപങ്ങളും നമ്മുടെ നബിനായകർ (സ) തിരുമേ നിയുടെ പൂർണതകളും വിവിധ സദ്ഭാവങ്ങളും ഒരു വശത്തൂടെ പരിശോധിച്ചറിയേണ്ടിയിരിക്കുന്നത്. ഉദാഹരണമായി, ദാനതത്

പരത, പൗരുഷം, സഹായോപകാരം, യഥാർത്ഥമായ അലിവ് (ഇതിന് രൂക്ഷമായ സംസാര ശക്തി നിബന്ധനയാണ്), യഥാർ ഥമായ പൊറുമ (ഇതിന് പ്രതികാരശക്തി നിബന്ധനയാകുന്നു), യഥാർഥമായ ധൈര്യം (ഇതിന് ഭീകര ശത്രുക്കളോടുള്ള ഏറ്റു മുട്ടൽ നിബന്ധനയാകുന്നു), യഥാർഥമായ നീതിനിഷ്ഠ (ഇതിന് ദ്രോഹശക്തി നിബന്ധനയാണ്), യഥാർഥമായ ദയ (ഇതിന് ശിക്ഷാശക്തി നിബന്ധനയാണ്), ഉന്നതകിടയിലുള്ള ധിഷണാ ശാലിത്വം, ഉന്നത കിടയിലുള്ള ഓർമ്മശക്തി, ഉന്നതകിടയിലുള്ള ഔദാര്യം, ഉന്നത കിടയിലുള്ള സ്ഥൈര്യം, ഉന്നതകിടയിലുള്ള ഉപകാര ശീലം (ഇവയ്ക്കെല്ലാം മാതൃകകളും ഉദാഹരണങ്ങളും നിബന്ധനകളാകുന്നു). ചുരുക്കത്തിൽ, ഇത്തരത്തിലുള്ള ധാരാളം ഉത്കൃഷ്ട ഗുണങ്ങളെ സംബന്ധിച്ചിടത്തോളം പരസ് പരം ഒത്തുനോക്കുകയും തുലനം ചെയ്യുകയും ആവശ്യമായി വരും. ബിഷപ്പ് അവർകൾ പാപരാഹിത്യം എന്ന പേർ വെക്കുന്ന ദ്രോഹപരിത്യാഗത്തിൽ മാത്രം തുലനം ചെയ്താൽ പോര. നബി മാരെ സംബന്ധിച്ചിടത്തോളം അവർ കളവു നടത്താനും കൊ ള്ള ചെയ്യാനും അവസരം ലഭിച്ചിട്ടും അതൊന്നും ചെയ്യാതെ രക്ഷപ്പെട്ടുവെന്നും ഇത്തരം കുറ്റങ്ങൾ അവരിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പറയുന്നതും വിചാരിക്കുന്നതു പോലും കുറ്റകരമാകുന്നു. മറിച്ച്, ''എന്നെ നല്ലവനെന്നു പറയൊല്ല'' എന്നുള്ള മിശിഹായുടെ പ്രസ്താവന പാതിരിസാഹിബുമാർ പ്രവർത്തിച്ചുകാണിക്കേണ്ടിയിരുന്ന ഒരു ഉപദേശമാകുന്നു!


സത്യാന്വേഷണത്തിന്ന് ബിഷപ്പ് അവർകൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ, ഈ രണ്ടു നബിമാരുടെയും സത്യ വിശ്വാസപൂർണതയിലും സ്വഭാവഗുണങ്ങളിലും അനുഗ്രഹങ്ങ ളിലും പ്രഭാവത്തിലും വാക്കിലും പ്രവൃത്തിയിലും വിശ്വാസ ത്തിലും ദൈവവിജ്ഞാനത്തിലും, വിജ്ഞാനത്തിലും, പരി ശുദ്ധിയിലും സാമൂഹ്യമായ കെട്ടുപാടുകളിലും ഏതു നബി യാ ണ് ശ്രേഷ്ഠനും ഉന്നതനും എന്ന കാര്യത്തിൽ ഇതേ രീതിയിൽ മുസ്ലിംകളുമായി സംവാദം നടത്തുവാൻ ആഗ്രഹിക്കുന്നുണ്ടെ

ന്ന് അദ്ദേഹം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തട്ടെ! അദ്ദേഹം അപ്രകാരം ചെയ്താൽ ആ നിശ്ചിത തിയതിക്ക് ഞങ്ങളിൽപ്പെട്ട ആരെങ്കിലും മുൻകൂട്ടി തീരുമാനിച്ച സമ്മേളനത്തിൽ നിശ്ചയമായും എത്തിച്ചേരുന്നതാണ്. അല്ലാത്തപക്ഷം ഇതു വഞ്ചനാപരമായ ഒരു നീക്കം മാത്രമാണ്. അതിന് ഈ മറുപടി തന്നെ മതിയായതാണെന്നു ഞാൻ കരുതുന്നു. ഇത് അദ്ദേഹത്തിന് സ്വീകാര്യമാണെങ്കിൽ ഞങ്ങൾക്ക് അഞ്ചുമണിക്കൂറിൽ കുറയാത്ത സമയം അനുവദിക്കണമെന്ന നിബന്ധനകൂടി സ്വീകരിക്കേണ്ടതാണ്.

1900 മെയ് 25

മിർസാ ഗുലാം അഹ്മദ്,

ഖാദിയാൻ.



**റവ: ജോർജ്ജ് ആൾഫ്രഡ് ലിഫ്റോയി**

# II

# ജീവിച്ചിരിക്കുന്ന നബി

ഈ പ്രഭാഷണത്തിനുശേഷം മുസ്‌ലിംകൾക്കും സംസാരിക്കാൻ അവസരം നൽകിയിട്ടുള്ളതിനാൽ ചുരുക്കത്തിൽ ഞാൻ ചിലതു പ്രസ്താവിച്ചുകൊള്ളട്ടെ. യേശു മിശിഹാ (അ) ജഡിക ശരീരത്തോടുകൂടി ആകാശത്തിലേക്ക് ഉയർന്നുപോയെന്നാണ് ബിഷപ്പ് അവർകൾ വാദിക്കുന്നത്. എന്നാൽ, ഈ വാദഗതിയെ ഒരു പ്രകാരത്തിലും ഞങ്ങൾക്ക് സ്വീകരിക്കാൻ സാധ്യമല്ലെന്നതിൽ വ്യസനിക്കുന്നു. യുക്തി അടിസ്ഥാനത്തിലാകട്ടെ, സുവിശേഷങ്ങളെ മുൻനിർത്തിയാകട്ടെ, ഖുർആന്റെ വീക്ഷണത്തിലാകട്ടെ ഇതംഗീകരിക്കാൻ നിവൃത്തിയില്ല. മനുഷ്യന് ഭൂമിയുടെ ഉപരിതലത്തിൽനിന്ന് ആറ് മൈലിനപ്പുറം ഉയരത്തിൽ പോയി ജീവിക്കാൻ സാധ്യമല്ലെന്നാണ് ആധുനികകാലത്തെയും കഴിഞ്ഞ കാലങ്ങളിലെയും അനുഭവം തെളിയിച്ചിട്ടുള്ളത് എന്നതുകൊണ്ടാണ് അതു യുക്തിഹീനമാണെന്ന് പറയുന്നത്. ഭൂമിക്ക് പുറത്തുള്ള തണുപ്പിനെ അതിജീവിക്കാനുള്ള ശക്തിയോടുകൂടിയ പ്രത്യേക ശാരീരികഘടനയായിരുന്നു യേശുവിന്റേതെന്ന് സ്ഥാപിക്കപ്പെട്ടിട്ടുമില്ല. മറിച്ച്, മറ്റെല്ലാ മനുഷ്യരെയും പോലെ തന്നെ അദ്ദേഹവും തിന്നുകയും കുടിക്കുകയും വിശപ്പി നും ദാഹത്തിന്നും വിധേയനായിരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇതു യുക്തിയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. സുവിശേഷത്തിന്റെ വീക്ഷണത്തിലും ഈ വാദഗതി സ്വീകാര്യമല്ല. ഒന്നാമതായി, സുവിശേഷങ്ങൾ നാൽപതിലേറെയുണ്ട്. ക്രിസ്തീയ മാന്യന്മാരുടെ അഭിപ്രായത്തിൽ നാലെണ്ണം ശരിയും ബാക്കിയെല്ലാം കൃത്രിമങ്ങളുമാണ്. എന്നാൽ, ഇത് ഒരഭിപ്രായം

മാത്രമാണ്. ഇതിന് പിൻബലമായി വേണ്ടത്ര ന്യായീകരണങ്ങളൊന്നും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. പൊതുജനങ്ങൾക്ക് അതു സംബന്ധിച്ചു അഭിപ്രായം പറയാനുള്ള അവസരം ലഭിക്കും വിധം ഈ എല്ലാ സുവിശേഷകൃതികളും അച്ചടിച്ചു പൊതുവായ നിലയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമില്ല. ഇതിനും പുറമെ ഈ നാലു സുവിശേഷങ്ങളുടെ വിവരണങ്ങളിൽ പൂർണമായും വിശ്വാസമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും മിശിഹാ യഥാർഥത്തിൽ ജഡശരീരത്തോടെ ആകാശത്തേക്ക് ഉയർന്നുപോയിട്ടുണ്ടായിരുന്നുവെന്നു സുദൃഢമായി ഉറപ്പ് വരുത്തുന്നവിധം വ്യക്തമായ തെളിവുകൾ നൽകിയിട്ടില്ല എന്നും കാണാം. സംഭവത്തിന്റെ ദൃക്സാക്ഷിവിവരണം നൽകുന്നവരായി അവകാശപ്പെട്ടു കൊണ്ടു രണ്ടോ നാലോ ആളുകളുടെ സാക്ഷ്യങ്ങൾ നൽകേണ്ടതായിരുന്നു. സാക്ഷ്യങ്ങളിൽ പൂർണമായും വിശ്വാസമർപ്പിക്കാൻ അതാവശ്യവുമായിരുന്നു. തന്നോടൊപ്പം സ്വർഗത്തിൽ വെച്ചു നോമ്പു തുറക്കാമെന്ന് മിശിഹാ ഒരു കള്ളന് ഉറപ്പ് നൽകിയതായും ഇതേ സുവിശേഷങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. വളരെ നല്ലത്! എന്നാൽ, അങ്ങനെ വരുമ്പോൾ പ്രസ്തുത കള്ളനും ജഡദേഹത്തോടെ സ്വർഗത്തേയ്ക്ക് പോയിരുന്നിരിക്കണമെന്നോ അല്ലെങ്കിൽ, ഹദ്റത്ത് മിശിഹാ ആ കള്ളനെപോലെ ആത്മാവ് മാത്രമായ നിലയിൽ സ്വർഗത്തിൽ പോയെന്നോ വരുന്നതാണ്. ജഡദേഹത്തോടെ പോകുന്നതു തികച്ചും അസംബന്ധം. അല്ലെങ്കിൽ, കള്ളൻ ആത്മീയ നിലയിൽ സ്വർഗത്തിൽ വസിച്ചുവെങ്കിലും മിശിഹാ മൂന്നു ദിവസം സ്വർഗത്തിൽ വസിച്ച ശേഷം അവിടെനിന്ന് പുറത്താക്കപ്പെട്ടുവെന്നും പറയേണ്ടി വരും. ഇപ്രകാരം തന്നെ വേറെയും പലതരം വിഷമ പ്രശ്നങ്ങളും വൈരുധ്യങ്ങളും സുവിശേഷങ്ങളിൽ നിന്നു പുറ ത്തുവരുന്നുണ്ട്. മിശിഹാ മരിച്ചശേഷം സ്വർഗത്തിലല്ല പ്രവേശിച്ചതെന്നും നരകത്തിലേക്കാണ് പോയതെന്നുമുള്ള വിശ്വാസവുമുണ്ടല്ലോ. അതുകൊണ്ട്, ആ കള്ളനും നരകത്തിലേക്കായിരിക്കണം പോയിരുന്നത്. എന്തുകൊണ്ടെന്നാൽ കള്ളൻ നരകാവകാശിയാ

യിരുന്നല്ലോ. ചുരുക്കത്തിൽ, സുവിശേഷങ്ങളിലെ സംശയാസ്പദമായ വിവരണങ്ങൾ തന്നെ സുവിശേഷങ്ങളെ അപ്രാമാണ്യമാക്കിയിരിക്കുന്നു. മിശിഹാ കുരിശുസംഭവത്തിനു ശേഷം ശിഷ്യന്മാരെ കണ്ടുമുട്ടിയതും മാംസം ഭക്ഷിച്ചതും വ്രണങ്ങൾ കാണിച്ചുകൊടുത്തതും തെരുവിലൂടെ നടന്നു പോയതും ഒരു ഗ്രാമത്തിൽ രാത്രി ശിഷ്യരോടൊപ്പം തങ്ങിയതുമെല്ലാം സുവിശേഷങ്ങളിൽ വിവരിക്കുന്നുണ്ട്. മിശിഹാ ആകാശത്തേക്ക് പോയിട്ടില്ലെന്ന് ഖണ്ഡിതമായി സ്ഥാപിച്ചുറപ്പിക്കുന്ന തെളിവുകളാണിവ. മസീഹ് (അ) മരിച്ചുപോയെന്നു ഖുർആൻ ആവർത്തിച്ചാവർത്തിച്ചു നമുക്ക് വ്യക്തമാക്കിത്തന്നിരി ക്കുന്നു.

**മരിച്ചശേഷം ഉയർത്തി**

സത്യവിശ്വാസികൾക്ക് മരണശേഷം അനുഭവപ്പെടുന്ന ഉയർച്ച (റഫഅ്) മസീഹിന്നും അനുഭവപ്പെടുകയായിരുന്നു.

അതാണ് يٰعِيْسٰى اِنِّىْ مُتَوَفِّيْكَ وَرَافِعُكَ اِلَىَّ

“ഓ ഈസാ, ഞാൻ നിശ്ചയമായും നിന്നെ മരിപ്പിക്കുകയും ഉയർത്തുകയും ചെയ്യും”(3:56)

എന്ന ആയത്തിൽ മനസ്സിലാക്കിത്തന്നിട്ടുള്ളത്.റാഫിഉക്ക “നിന്നെ ഉയർത്തും” എന്ന വാക്ക് മുതവഫ്ഫീക്ക “നിന്നെ മരിപ്പിക്കും” എന്ന വാക്കിനു ശേഷമാണ് ഖുർആനിൽ വന്നിട്ടുള്ളത്. “വഫാത്ത്’ ന് അതായത്, മരണത്തിന്നുശേഷം സത്യവിശ്വാസികൾക്ക് ലഭിക്കുന്ന ഉയർച്ച (റഫഅ്) തന്നെയാണ് ഇവിടെ പറയപ്പെട്ടിട്ടുള്ളതെന്ന് ഇതു ഖണ്ഡിതമായി തെളിയിക്കുന്നുണ്ട്. യഹൂദികൾ മസീഹിന്റെ ആത്മീയമായ ഉയർച്ചയെ നിഷേധിക്കുന്നവരാണ് എന്നുള്ളതായിരുന്നു ഈ പ്രശ്നത്തിന്റെ മർമവശം. മിശിഹാ തൂക്കപ്പെട്ടതിനാൽ തൗറാത്തിന്റെ വിധിപ്രകാരം സത്യവിശ്വാസികൾക്ക് മരണശേഷം ദൈവത്തിന്റെ പക്കൽ നിന്നു സമ്മാനമായി ലഭിക്കുന്ന ഉയർച്ചയ്ക്കും ദൈവത്തിന്റെ സാമീപ്യത്തോടൊപ്പമുള്ള വിശുദ്ധജീവിതത്തിന്നും അനർഹനാണെന്നത്രെ യഹൂദർ പറയുന്നത്. മസീഹ്(അ) കുരിശിൽവെച്ചു വധി

ക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ മരണം കുരിശിൽ സംഭവിച്ചിട്ടില്ലായിരുന്നെന്നുമുള്ളതിനാൽ, " മരത്തിന്മേൽ തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവൻ" എന്ന വചനപ്രകാരം അത്തരമൊരാൾ ശപിക്കപ്പെട്ടവനായി നരകക്കുണ്ടിൽ പതിക്കുകയാണ് ചെയ്യുകയെന്നുള്ള തൗറാത്തിന്റെ വിധിക്ക് അദ്ദേഹം പാത്രമായിത്തീരുന്നില്ല. അപ്പോൾ, ശാരീരികമായ ഉയർത്തപ്പെടൽ സംബന്ധിച്ച തർക്കം ഇല്ലായിരുന്നു. അതായത്, തൂക്കപ്പെട്ടവൻ ജഡശരീരത്തോടെ ആകാശത്തേക്ക് ഉയർത്തപ്പെടുന്നതല്ല എന്ന വിശ്വാസം യഹൂദികൾക്ക് ഒരിക്കലും ഉണ്ടായിരുന്നില്ല; ഇപ്പോഴും ഇല്ല താനും. എല്ലാ സത്യവിശ്വാസികൾക്കും മരണശേഷം ഉണ്ടാവുന്ന ഉയർത്തപ്പെടലിനെ ('റഫഅ്'നെ) ആണ് മസീഹിന്റെ കാര്യത്തിൽ യഹൂദികൾ നിഷേധിച്ചിരുന്നത്. അതിനുള്ള കാരണം ഇതാണ്: സത്യവിശ്വാസി മരണശേഷം ദൈവത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നു യഹൂദികളും അതോടൊപ്പം മുസ്‌ലിംകളും വിശ്വസിച്ചുപോരുന്നു. അവിശ്വാസിക്ക് ആത്മീയമായ ആ ഉയർത്തപ്പെടൽ ഇല്ല.

لَا تُفَتَّحُ لَهُمْ اَبْوَابُ السَّمَآءِ

(അവർക്ക് ആകാശത്തിന്റെ കവാടങ്ങൾ തുറന്നു കൊടുക്കപ്പെടുകയില്ല) എന്ന ഖുർആൻ വാക്യം (7:41) ഇതിലേക്ക് ആണ് വിരൽ ചൂണ്ടുന്നത്.

ارْجِعِىٓ اِلٰى رَبِّكِ رَاضِيَةً مَّرْضِيَّةً

(നീ നിന്റെ നാഥനിലേക്കു മടങ്ങുക, സംപ്രീതനും അല്ലാഹുവിന്റെ പക്കൽ പ്രീതിപ്പെട്ടവനുമായിക്കൊണ്ട്) എന്ന വാക്യവും (89:29) ഇതിലേക്കുതന്നെ വ്യക്തമായ സൂചന നൽകുന്നു. ജഡികമായ ഉയർത്തപ്പെടൽ യഹൂദികളുടെയും മുസ്‌ലിംകളുടെയും പക്കൽ മോക്ഷത്തിന്നുള്ള നിബന്ധനയല്ല. മൂസാനബിക്ക് ജഡികമായ ഉയർത്തപ്പെടൽ ഉണ്ടായിട്ടില്ലല്ലോ. യഹൂദികളുടെ പക്കൽ മൂസാനബി മോക്ഷം പ്രാപിച്ച ആളല്ലേ? ചുരുക്കത്തിൽ, ഇക്കാര്യത്തിൽ അധികമാളുകളും യാഥാർഥ്യത്തെ കൈവിട്ടു

കൊണ്ട് എങ്ങോ ചെന്നെത്തി! വിശുദ്ധഖുർആൻ ഒരിക്കലും തന്നെ ഈ വിശ്വാസം പഠിപ്പിച്ചിട്ടില്ല. മോക്ഷത്തിനു ജഡികമായ ഉയർത്തപ്പെടൽ ആവശ്യമാണെന്നത് ഖുർആന്റെ തത്ത്വവുമല്ല. ഹദ്റത്ത് ഈസാനബി (അ) ജീവനോടെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു എന്ന വിശ്വാസവും ഖുർആൻ പഠിപ്പിക്കുന്നില്ല.

## തർക്കത്തിന്റെ മർമം

ഖുർആൻ ഈ കഥ വിവരിക്കാൻ കാരണമെന്താണ്? അതിന്റെ കാരണം ഇതു മാത്രമാണ്: യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ഇടയിൽ ആത്മീയമായ ഉയർത്തപ്പെടലും ഉയർത്തപ്പെടാതിരിക്കലും സംബന്ധിച്ച ഒരു തർക്കമുണ്ടായിരുന്നു. യേശു മിശിഹാ, കുരിശിൽ കൊല്ലപ്പെടുകയാൽ തൗറാത്തിന്റെ വിധി പ്രകാരം സത്യവിശ്വാസികൾക്ക് ഉണ്ടാകുന്ന ഉയർത്തപ്പെടലിന് അനർഹനായിത്തീർന്നിരിക്കുന്നു എന്ന ഒരു ന്യായപൂർത്തി യഹൂദന്മാർക്ക് കൈവന്നിരുന്നു. അതുകൊണ്ട്, ഈ ന്യായപ്രകാരം യേശു കുരിശിന്മേൽ വധിക്കപ്പെട്ട സംഭവം ഉന്നയിച്ചുകൊണ്ട് അദ്ദേഹം തൗറാത്ത് അനുസരിച്ചു സത്യാത്മാവല്ലെന്നു യഹൂദജനം ഇന്നും ഘോഷിക്കുന്നു. ഞാൻ മിക്ക യഹൂദപണ്ഡിതന്മാരോടും അന്വേഷിച്ചതിൽ അവരെല്ലാം ഇതേ മറുപടിയാണ് നൽകിയത്. അതായത്, ജഡികമായ ഉയർത്തപ്പെടലുമായി തങ്ങൾക്ക് ഒരു ബന്ധവുമില്ല. യേശു കുരിശിൽ മരിച്ചിരിക്കയാൽ, അദ്ദേഹം തൗറാത്തിന്റെ ദൃഷ്ടിയിൽ ഒരു സത്യവിശ്വാസിയോ സത്യാത്മാവോ ആകാൻ നിവൃത്തിയില്ല എന്നു സ്ഥാപിക്കാൻ തങ്ങൾ ശ്രമിക്കുന്നു. ചുരുക്കത്തിൽ, യേശുവിന് ആത്മീയമായ ഉയർത്തപ്പെടൽ ഉണ്ടായിട്ടില്ലെന്നു തൗറാത്ത് 'ഫത്വ' നൽകുന്നു. ബോംബെയിലും കൽക്കത്തയിലും ധാരാളം യഹൂദികളുണ്ട്. അവരോടു ചോദിച്ചുനോക്കൂ. അവർ ഇതേ മറുപടി നൽകുന്നതാണ്. ഇക്കാര്യത്തിലാണ് തീരുമാനം ഉണ്ടാകേണ്ടിയിരുന്നത്. അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമായ ഭാഷയിൽ ഈ തർക്കത്തിനു തീരുമാനം ഉണ്ടാക്കിയിരിക്കുന്നു. അതു

يٰعِيْسٰٓى اِنِّىْ مُتَوَفِّيْكَ وَرَافِعُكَ اِلَيَّ

"ഓ ഈസാ ഞാൻ നിന്നെ മരിപ്പിക്കുകയും എങ്കലേക്ക് ഉയർ ത്തുകയും ചെയ്യും" (3:56).

മരണശേഷം മസീഹിന് ഉയർത്തപ്പെടൽ ഉണ്ടായി എന്നും അദ്ദേഹം സത്യവിശ്വാസികളുടെ കൂട്ടത്തിലാണെന്നും ആകാശ ത്തിന്റെ വാതിലുകൾ ആർക്കെതിരെ കൊട്ടിയടക്കപ്പെട്ടുവോ അവരിൽപെട്ട ആളല്ലെന്നും തന്നെ. എന്നാൽ, ജഡശരീരത്തോ ടെ ആകാശത്തിലേക്കു പോയി അവിടെ വസിക്കുക എന്നതിന്ന് മോക്ഷവുമായി യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല, അതു വഴി ദൈവത്തിന്റെ സാമീപ്യമോ സായൂജ്യമോ നേടാമെന്നു തെ ളിയുന്നുമില്ല. ആകാശത്തിലും ഭൂമിയിലെപോലെ ജീവികൾ വസിക്കുന്നുണ്ടെന്നു ഇക്കാലത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആകാശത്തിൽ പാർക്കുന്നതുകൊണ്ട് അവരെല്ലാം മോക്ഷം പ്രാപിച്ചവരാണെന്നു വരുമോ? ഇതു തികച്ചും ബുദ്ധിശൂന്യമായ വിചാരമാകുന്നു. മസീഹിന്റെ ശരീരം ആകാശത്തിലെത്തിക്ക പ്പെടണമെന്നതു ദൈവേച്ഛയായിരുന്നെങ്കിൽ അല്ലാഹു അദ്ദേ ഹത്തിന്റെ ശരീരത്തിലെ മുഴുവൻ അണുക്കളെയും സംരക്ഷി ക്കുമായിരുന്നു. അദ്ദേഹത്തിന്റെ ദേഹത്തിലെ ഒരു അണുവിനെ യും നശിക്കാൻ വിടുമായിരുന്നില്ല; അവ അഴിയുകയുമില്ലായി രുന്നു. അങ്ങനെ ആയിരുന്നെങ്കിൽ, മസീഹിന്റെ ശരീരത്തിലെ ചില അംശങ്ങൾ മണ്ണിൽ ലയിച്ചുപോകയും ചില ഭാഗങ്ങൾ ആകാശത്തേക്ക് ഉയർന്നുപോവുകയും ചെയ്യുകയെന്ന കടുത്ത ദ്രോഹം സംഭവിക്കയില്ലായിരുന്നു. മസീഹിന്റെ ശരീരത്തിലെ അണുക്കൾ അഴിഞ്ഞു പോയില്ലെങ്കിൽ കുറഞ്ഞപക്ഷം കുരി ശുസംഭവ സമയത്ത് മിശിഹായുടെ ശരീരം മുമ്പുണ്ടായിരുന്ന ശരീരത്തേക്കാൾ പത്തുഭാഗം കൂടിയിരുന്നിരിക്കണം. എന്തെ ന്നാൽ, പ്രകൃതിശാസ്ത്രത്തിന്റെ സാക്ഷ്യപ്രകാരവും ഇതു തന്നെയാണ് തെളിഞ്ഞിട്ടുള്ളത്. മൂന്നുകൊല്ലം കൂടുമ്പോൾ ശരീരത്തിലെ അംശങ്ങൾ അഴിഞ്ഞുപോകയും ചില അംശങ്ങൾ വായുവിലും ചില അംശങ്ങൾ മണ്ണിലും ലയിക്കുകയും ചെയ്യുന്നു വെന്നത് ഒരു സ്ഥാപിതസത്യമാണ്. ഇതനുസരിച്ച്, മസീഹ് (അ)

33 കൊല്ലത്തിനിടയിൽ പത്തു തവണ ശരീരം മാറിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അവസാനത്തെ ശരീരത്തെ ആകാശത്തേക്ക് എടുത്തുകൊള്ളുകയും മുൻശരീരങ്ങളെ മണ്ണിൽ ലയിപ്പിക്കുകയും ചെയ്യുകയെന്നത് വ്യർത്ഥവും അനാവശ്യവുമായ ഒരു വ്യായാമമാകുന്നു. അതിന്റെ ഫിലോസഫി ബിഷപ്പ് അവർകൾക്ക് തന്നെയും മനസ്സിലായിരിക്കയില്ല.

ഇങ്ങനെ, യുക്തിജ്ഞാനവും സുവിശേഷങ്ങളും വിശുദ്ധഖുർആനും വച്ചു നോക്കുമ്പോൾ, മിശിഹാ ആകാശത്തിൽ സജഡം ആരോഹണം ചെയ്തു എന്നതു സ്ഥാപിക്കപ്പെട്ടിട്ടില്ല. മറിച്ച്, ഈ വിശ്വാസത്തിന്മേൽ  യുക്തിപരമായും പ്രമാണപരമായുമുള്ള സുശക്തമായ ആക്ഷേപങ്ങൾ മഴപോലെ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. ആകയാൽ, ഈ ചിന്തകൾ അവതരിപ്പിക്കുന്നത് എന്റെ പക്കൽ ലജ്ജാകരമായ കാര്യമാകുന്നു. റസൂൽകരീം (സ) തിരുമേനിയെ ആളുകൾ ഇത്തരത്തിൽ ആകാശത്തേക്കു കൊണ്ടുപോകുന്നില്ലെന്നത് സത്യം തന്നെ. ആത്മീയമായ സായൂജ്യ സംപ്രാപ്തിയ്ക്കായി അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല താനും.

### ജനതയുടെ പുനർജനനം

സകല നബിമാരിലും വെച്ച് ഏറ്റവും ഉന്നതമായ പദവിയിൽ നമ്മുടെ നബിനായകർ (സ)തിരുമേനിയെ ജീവനുള്ള നബിയായി നാം കരുതുന്നു. വിശുദ്ധ ഖുർആനിലെ

وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ

“അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും”.(62:4)

എന്ന ആയത്തിൽ ആ ജീവിതത്തിലേക്കുള്ള സൂചനയാണ് നൽകുന്നത്. അതിന്റെ അർഥം ഇതുമാത്രമാണ്: സഹാബാ (റ) തിരുനബിയിൽ നിന്ന് ആന്തരീയമായ അനുഗ്രഹശക്തികൾ സമാർജ്ജിച്ചതുപോലെതന്നെ അന്ത്യകാലത്തും സംഭവിക്കുന്നതാണ്. വാഗ്ദത്തമസീഹും അവിടുത്തെ ജമാഅത്തും തിരുനബിയിൽനിന്ന് അനുഗ്രഹശക്തി നേടുന്നതായിരിക്കും.

അതുതന്നെയാണ് ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ നബിനായകർ(സ) തിരുമേനിതന്നെയാണ് ആത്മീയമായ നില യിൽ പൂർണമായ അർഥത്തിൽ അത്യുന്നതമായ ജീവിതത്തി ന്റെ ഉടമസ്ഥൻ, മറ്റാരുമല്ല. തിരുനബിയുടെ പ്രഭാവവും അനുഗ്ര ഹശക്തികളും ജീവനോടെ തുടർന്നുപോരുന്ന ഒരു പരമ്പരയാ കുന്നു. സത്യവാനായ ഒരു മുസൽമാൻ തിരുനബി(സ)യെ സത്യസന്ധമായി പിന്തുടർന്നുകൊണ്ട് ദൈവവുമായി അഭിമുഖ സംഭാഷണത്തിന്റെ അനുഗ്രഹത്തിനു പാത്രീഭൂതനാകുന്നു. അസാധാരണമായ ദിവ്യാദ്ഭുതങ്ങൾ (ഖാരിക്ക്) അവർ മുഖേന വെളിപ്പെടുമാറാകുന്നു. മാലാഖമാർ (ദൈവദൂതന്മാർ) അവരോടു സംസാരിക്കുന്നു. അവരുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നു. അതിന്റെ മാതൃകകളിൽ ഒരാൾ ഞാൻ തന്നെയാകുന്നു. ഒരു സമുദായത്തിനും ഇക്കാര്യത്തിൽ ഞങ്ങളെ നേരിടാൻ സാധിക്കു ന്നതല്ല. ഇതു മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ജീവിത മഹത്വത്തിലേയ്ക്കുള്ള ഒരു തെളിവാകുന്നു. എന്നാൽ, ഹദ്റത്ത് മസീഹിന്റെ ജീവിതത്തെ സംബന്ധിച്ചേടത്തോളം ഏതാദൃശ മായ എന്തു തെളിവാണ് നിങ്ങളുടെ പക്കൽ ഉള്ളത്? ഒന്നുമില്ല! ഏതെങ്കിലും പാതിരി സാഹിബ് 'യാ മസീഹ്' ' യാ മസീഹ്' എന്നു വിളിച്ചു കൊണ്ടിരുന്നാലും ആകാശത്തുനിന്ന്, മസീഹിൽ നിന്ന് ലോകം ശ്രവിക്കുന്ന തരത്തിൽ എന്തെങ്കിലും ശബ്ദം വന്നെത്തുന്നുണ്ടോ? ഇത്തരത്തിലുള്ള തെളിവുകൾ നിങ്ങളുടെ പക്കൽ ഇല്ലെങ്കിൽ പൊള്ളവാദങ്ങൾ ഉന്നയിച്ചതുകൊണ്ട് ഒരു കാര്യവുമില്ല.

യേശു ആകാശത്തേക്ക് ഉയർന്നുപോയി എന്നു പറയുന്നു ണ്ടെങ്കിൽ, ഇപ്രകാരം തന്നെ സിക്ക്മാന്യന്മാർ ബാബാ നാനക്ക് ജീവനോടെ ആകാശത്തിൽ പോയതായും ഘോഷിക്കുന്നുണ്ട്.

പിന്നെ, നാം ഈ എല്ലാ കാര്യങ്ങളും മാറ്റിവച്ചുകൊണ്ട് ചരിത്ര പാരമ്പര്യങ്ങളിലേക്കു ശ്രദ്ധ പതിപ്പിച്ചാൽ ഈ തിരശ്ശീലകൾ വലിച്ചു നീക്കപ്പെടുകയും തുറന്ന സത്യങ്ങൾ പുറത്തു വരിക യും ചെയ്യും. എന്നാൽ മിശിഹാ(അ) ആകാശത്തേയ്ക്കു പോയി

ട്ടില്ലെന്നതിലേക്ക് ചരിത്രം മൂന്നു സാക്ഷ്യങ്ങളെ മുന്നോട്ടു വെച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന്നു ഖണ്ഡിതമായ തീരുമാനം അതു മുഖേന ഉണ്ടായിരിക്കയുമാണ്.

## യൂനുസ്നബിയുടെ സാദൃശ്യം

ഹദ്റത്ത് മസീഹ് തന്റെ ജീവിതകഥ യൂനുസ്നബിയുടെ ജീവിതകഥയുമായി സാദൃശ്യപ്പെടുത്തിക്കൊണ്ട് ചെയ്ത പ്രസ്താവനയിൽ ആ തീരുമാനം അടങ്ങിയിരിക്കുന്നു. യൂനുസ് നബി മത്സ്യത്തിന്റെ വയറ്റിൽ മരിച്ച നിലയിലല്ല പ്രവേശിച്ചിരുന്നതെന്നതുപോലെ താനും മരിച്ച നിലയിലല്ല കബറിൽ പ്രവേശിക്കപ്പെട്ടിരുന്നത്. യൂനുസ്നബി മത്സ്യത്തിന്റെ വയറ്റിൽ വച്ചു മരിച്ചിട്ടില്ലായിരുന്നതു പോലെ താനും കബറിൽ വച്ചു മരിച്ചിരുന്നില്ല. മറിച്ച്, യൂനുസ് നബി മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തു വരികയും ചെയ്തിരുന്നതു പോലെ താനും കബറിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തുവരികയും ചെയ്തു എന്ന സാദൃശ്യമാണ് മസീഹ്(അ) വിവരിച്ചത്. ഈ സാദൃശ്യം വിവരിക്കുന്നതിൽ അദ്ദേഹം വ്യാജം പറഞ്ഞിരിക്കാൻ സാധ്യതയില്ല. ഈ സംഭവത്തിലെ ആദ്യത്തെ സാക്ഷ്യം മിശിഹായുടെ മുഖത്തു നിന്നു പുറപ്പെട്ട ഈ ഉദാഹരണം തന്നെയാണ്. മിശിഹാ കബറിൽ മരിച്ച നിലയിലാണ് പ്രവേശിക്കപ്പെട്ടിരുന്നതെങ്കിൽ യൂനുസുമായി ഇതിൽ സാദൃശ്യമൊന്നുമുണ്ടായിരുന്നില്ല.

## 'മർഹമെ ഈസാ'

രണ്ടാമത്തെ സാക്ഷ്യം 'മർഹമെ ഈസാ' ആണ്. ക്രിസ്ത്യാനികളും യഹൂദികളും മജൂസികളും തങ്ങളുടെ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ എഴുതിവച്ചിട്ടുള്ളത് ഇത് മസീഹിനുവേണ്ടി, അതായത് അദ്ദേഹത്തിന്റെ വ്രണങ്ങളിൽ പുരട്ടാനായി തയ്യാറാക്കപ്പെട്ടിരുന്ന ലേപനമാണെന്നത്രെ. ഈ ഗ്രന്ഥങ്ങളാണെങ്കിൽ ആയിരക്കണക്കിലുണ്ട്. അവയിൽ പലതും എന്റെ പക്കൽ സൂക്ഷിപ്പുള്ളതുമാണ്. ചുരുക്കത്തിൽ, 'മർഹമെ ഈസാ' എന്ന പേരിൽ ഈ മരുന്നു ദൃഢമായ തരത്തിൽ വ്യക്തമാക്കിത്തരു

ന്നത് യേശു ആകാശത്തിലേക്ക് കരേറിപ്പോയി എന്ന കഥ തെറ്റും കൃതിപ്പും ആണെന്നത്രെ. ഹദ്റത്ത് മസീഹ് കുരിശു മരണത്തിൽനിന്ന് രക്ഷപ്പെടുകയാണുണ്ടായത്. എന്നാൽ, അദ്ദേ ഹത്തിന്റെ കൈകളിലും കാലുകളിലും വ്രണങ്ങൾ ഉണ്ടായി രുന്നു. ആ വ്രണങ്ങൾ 'മർഹമെ ഈസാ' എന്ന മരുന്നു പുരട്ടിയ ശേഷം സുഖപ്പെട്ടു. അദ്ദേഹത്തിന്റെ 'ഹവാരി'കളുടെ (ശിഷ്യ ന്മാരുടെ) കൂട്ടത്തിൽ ഒരു ഡോക്ടറും ഉണ്ടായിരുന്നു. ഈ കൂട്ടുമരുന്നു ആ ഡോക്ടർ തയ്യാറാക്കിയതായിരിക്കണം. എന്തെ ന്നാൽ, 'മർഹമെ ഈസാ' എന്ന് തെളിവ് നമുക്ക് ഒരു വൈ ജ്ഞാനിക വിതാനത്തിലൂടെയാണ് കൈവന്നത്. സകല ജന വിഭാഗങ്ങളുടെ ഗ്രന്ഥശേഖരങ്ങളും ഇതിലേക്ക് സാക്ഷ്യം വ ഹിക്കുന്നു. അതുകൊണ്ട്, ഇതൊരു പ്രബലവും പരിഗണനീ യവുമായ തെളിവാകുന്നു.

## യൂസാസഫിന്റെ കഥ

മസീഹ് (അ) ആകാശത്തിലേക്കു പോയിട്ടില്ലെന്നതിലേ ക്കുള്ള ചരിത്രപരമായ മൂന്നാമത്തെ സാക്ഷ്യം യൂസാസഫിന്റെ കഥയാകുന്നു. പതിനൊന്നു നൂറ്റാണ്ടു മുമ്പ് യൂറോപ്പിലെയും ഏഷ്യയിലെയും സകല രാജ്യങ്ങളിലും വളരെ പ്രചാരപ്പെട്ടിരുന്ന കഥയാണിത്. യൂസാസഫ് ഹദ്റത്ത് മിശിഹാ (അ) തന്നെയാ യിരുന്നു. കുരിശിൽ നിന്നു രക്ഷപ്പെട്ട ശേഷം മിശിഹാ പഞ്ചാ ബിൽ സഞ്ചരിക്കുകയും കശ്മീരിൽ എത്തിച്ചേരുകയും ചെയ്തു. 120 ാം വയസ്സിൽ അദ്ദേഹം ചരമം പ്രാപിച്ചു. യൂസാസഫിന്റെ പാഠങ്ങളും സുവിശേഷങ്ങളിലെ പാഠങ്ങളും ഒന്നു തന്നെയാ ണെന്നതാണ് ഇതിലേക്കുള്ള ഒരു വലിയ തെളിവ്. യൂസ് ആ സഫ് തന്റെ ഗ്രന്ഥത്തിനു സുവിശേഷം എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. മൂന്നാമത്തെ തെളിവ് യൂസാസഫ് തന്നെപ്പറ്റി രാജകുമാരനായ പ്രവാചകൻ - ശഹ്സാദ നബി - എന്നു പറ ഞ്ഞു പോന്നിരുന്നു എന്നതാണ്. നാലാമത്തെ തെളിവ് യൂസാസ ഫിന്റെ കാലഘട്ടവും മിശിഹായുടെ കാലഘട്ടവും ഒന്നു തന്നെ യാണെന്നത്രെ. സുവിശേഷങ്ങളിൽ കാണപ്പെടുന്ന ചില ഉപ

മാകഥകൾ യൂസാസഫിന്റെ ഗ്രന്ഥത്തിലും അപ്പടി കാണപ്പെടുന്നു. ഉദാഹരണമായി, വിതയ്ക്കുന്നവന്റെ – കർഷകന്റെ – ഉപമ.

## ഖാൻയാറിലെ കബർ

ചരിത്രപരമായ നാലാമത്തെ സാക്ഷ്യം കശ്മീരിൽ ശ്രീനഗറിലെ ഖാൻയാർ മഹല്ലയിൽ സ്ഥിതി ചെയ്യുന്ന ഹദ്റത്ത് മസീഹിന്റെ കബർ ആകുന്നു. ചിലർ പറയുന്നതു യൂസ്ആസഫ് എന്ന ശഹ്സാദ നബിയുടെ കബർ ആണ് അതെന്നാണ്. മറ്റു ചിലർ പറയുന്നത് അത് ഈസാ സാഹിബിന്റെ കബർ ആണെന്നാകുന്നു. ആ കബറിന്റെ ശിലാഫലകത്തിൽ ഇതു ഇസ്രായീൽ രാജകുമാരന്റെ കുടുംബത്തിൽപെട്ട ആളായിരുന്നുവെന്നും ഏതാണ്ട് 18 നൂറ്റാണ്ടുകൾക്കുമുമ്പ് ഈസാനബി തന്റെ ഖൗമിൽ നിന്നുള്ള ദ്രോഹം സഹിക്ക വയ്യാതെ കശ്മീരിൽ വന്നെത്തിയതായിരുന്നുവെന്നും കശ്മീരിലെ സുലൈമാൻ കുന്നിന്മേൽ (കോഹെ സുലൈമാൻ) വച്ച് അദ്ദേഹം ദൈവാരാധന നടത്തിപ്പോന്നു എന്നും അദ്ദേഹത്തിന്റെ കൂടെ ഒരു ശിഷ്യനും ഉണ്ടായിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു.

ഈ ഗവേഷണത്തിൽ എന്താണ് പോരായ്ക എന്നു ഇനി പറയുക. സത്യത്തെ സ്വീകരിക്കാതിരിക്കുന്നത് മറ്റൊരു കാര്യമാണ്. എന്നാൽ എല്ലാം വെളിച്ചത്തു വന്നുകഴിഞ്ഞുവെന്നതിൽ യാതൊരു സംശയവുമില്ല. യൂസ്ആസഫ് എന്ന പേരിന്റെ കാര്യത്തിലും അദ്ഭുതപ്പെടാനില്ല. ഈ നാമം യസു ആസഫ് എന്ന ശബ്ദത്തിന്റെ രൂപപരിണാമമാകുന്നു. ആസഫ് എന്നത് ഹദ്റത്ത് മസീഹിന്റെ അബ്രാനിയിലുള്ള ഒരു നാമമാകുന്നു. അതു സുവിശേഷങ്ങളിലും വന്നിട്ടുള്ളതാണ്. അതിന്റെ അർഥം വിവിധ ജനങ്ങളിൽ നിന്നുള്ളവരെ ഒരുമിച്ചു കൂട്ടുന്നവൻ എന്നാകുന്നു. ആകയാൽ ഞാൻ ഇതിവിടെ അവസാനിപ്പിക്കുകയാണ്.

## പുനർജീവനം ജീവനുള്ള നബി മുഖേന

ഞാൻ മുഴുലോകത്തിനും ഉറപ്പു നൽകുകയാണ്, ഇപ്പോൾ ആകാശത്തിൻ കീഴിൽ ഏറ്റവും ഉന്നതവും ഏറ്റവും പൂർണവു

മായ നിലയിൽ ജീവിച്ചിരിക്കുന്ന നബി ഒരാൾ മാത്രമാകുന്നു. അത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ആണ്! ഇതു തെളിയിച്ചു കാട്ടുവാനായിട്ടു തന്നെയാണ് അല്ലാഹു എന്നെ മസീഹായി നിയോഗിച്ചിട്ടുള്ളത്. ഇതിൽ സംശയമുള്ളവർ ശാന്തമായും സാവകാശത്തിലും ആ ജീവിതൗന്നത്യം സ്ഥാപിച്ചു കാണിക്കാൻ എന്നോട് ആവശ്യപ്പെട്ടുകൊള്ളട്ടെ. ഞാൻ വന്നിട്ടില്ലായിരുന്നെങ്കിൽ ചില ഒഴികഴിവുകളൊക്കെ പറയാമായിരുന്നു. എന്നാൽ ഇപ്പോൾ ആർക്കും ഇനി ഒരു ഒഴികഴിവും പറയാനില്ല. എന്തുകൊണ്ടെന്നാൽ ജീവനുള്ള ഗ്രന്ഥം ഖുർആനും ജീവനുള്ള മതം ഇസ്‌ലാമും ജീവനുള്ള നബി മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയും മാത്രമാണെന്നു തെളിയിച്ചു കാട്ടാനായിട്ട് അല്ലാഹു എന്നെ അയച്ചിരിക്കുന്നു!

നോക്കൂ, ഞാനിതാ ആകാശഭൂമികളെ സാക്ഷി നിറുത്തി കൊണ്ട് പ്രഖ്യാപിക്കുന്നു: ഇതെല്ലാം സത്യമാകുന്നു. 'ലാഇ ലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്' എന്ന കലിമയിൽ ഉയർത്തിക്കാണിക്കപ്പെട്ട ആ ഏകദൈവം തന്നെയാണ് യഥാർഥ ദൈവം. ആരുടെ കാൽപാടുകളിൽ പുതിയൊരു മുറയ്ക്ക് ലോകം വീണ്ടും സജീവമായിത്തുടങ്ങിയിരിക്കുന്നുവോ ആ നബി മാത്രമാണ് ജീവനുള്ള നബി. ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ദിവ്യാനുഗ്രഹങ്ങൾ കോരിച്ചൊരിയപ്പെടുന്നു. പരോക്ഷകാര്യങ്ങളുടെ ഉറവകൾ പൊട്ടിയൊഴുകുകയാകുന്നു. അന്ധകാരത്തിന്റെ വലയങ്ങളിൽ നിന്നു സ്വയം പുറത്തു കടക്കുന്നവരാരോ അവരത്രെ ഭാഗ്യവാന്മാർ.

وَالسَّلٰمُ عَلٰى مَنِ اتَّبَعَ الْهُدٰى

1900 മെയ് 25

മിർസാ ഗുലാം അഹ്മദ്,

ഖാദിയാൻ.

# JEEVANULLA NABI JEEVANULLA MATHAM

This booklet contains Malayalam version of two leaf lets with titles of “Innocent Prophet” and “Living Prophet” written by Hadrath Mirza Ghulam Ahmad (A) of Qadian Promised Messiah and Mahdi , in Urdu, in response to the two lectures on the same topics by Rt.Rev. George Alfred Lefroy, eminent missionary and the Lord Bishop of Lahore, in 1900.

The Malayalam Rendering of these original Urdu works is done by Mr.N.AbduRahim, former editor , The Sathyadoothan magazine, Organ of the Ahmadiyya Movement